LIBRARY ARCHIVES Kerala Legislative Assembly

കേരള ജല അതോറിറ്റിയുടെ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ

131 (8191) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) കേരള ജല അതോറിറ്റിയുടെ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾക്കായി 2009 മുതൽ 2014 വരെയുള്ള കാലയളവിൽ സർക്കാരിന്റെ ധനസഹായമായി ലഭിച്ച തുക എത്രയാണ് ; ഇതിൽ എന്ത് തുക ചെലവഴിക്കുകയുണ്ടായി ;

(ബി) ജല അതോറിറ്റിയുടെ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾക്കായി നബാർഡിൽ നിന്ന് എന്ത് തുക വായ്പയായി ലഭിക്കുകയുണ്ടായി ; വായ്പ ലഭിച്ചത് ഏത് വർഷത്തിലായിരുന്നു ; ഇതിൽ എത്ര തുക ചെലവഴിക്കുകയുണ്ടായി ;

(സി) ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾക്കായി ലഭിച്ച സർക്കാർ ധനസഹായവും നബാർഡ് വായ്പയും സമയോചിതമായി ചെലവഴിക്കാത്തതു സംബന്ധിച്ച് കൺട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ നീരിക്ഷണത്തിന്മേൽ കൈക്കൊണ്ട നടപടികൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

വർഷം	ബഡ്ജറ്റ് വിഹിതം (ലക്ഷത്തിൽ)	ചെലവഴിച്ച തുക (ലക്ഷത്തിൽ)
2008-2009	...	...
2009-2010	50.00	11.03
2010-2011	300.00	33.65
2011-2012	100.00	67.78
2012-2013	115.00	39.5325
2013-2014	200.00	110.2050

(ബി) നിലവിലുള്ള കുടിവെള്ള പദ്ധതികളിലെ കേടായ പമ്പുകളും മോട്ടോറുകളും മാറ്റി സ്ഥാപിക്കുന്നതിനായി വാട്ടർ അതോറിറ്റിയുടെ വിവിധ ഡിവിഷനിലേക്ക് 3409.79 ലക്ഷത്തിന്റെ അംഗീകാരം സർക്കാരിൽ നിന്നും ജി.ഒ. (ആർ‌റ്റി.) നമ്പർ 1305/2010/ജവിവ തീയതി 19-11-2010 പ്രകാരം അനുവദിച്ചിട്ടുണ്ട്. ഇതിൽ നബാർഡിന്റെ ധനസഹായം 2898.32 ലക്ഷം രൂപയാണ്. 1271.56 ലക്ഷം രൂപ ഇതുവരെ ഈ പദ്ധതിക്കായി ചെലവായി.

(സി) കേരള ജല അതോറിറ്റിയിൽ പവർ ഫാക്ടർ പെനാൽറ്റി സംബന്ധിച്ച് കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നടത്തിയ നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ അതിനോടനുബന്ധിച്ച മേഖലകളിൽ പവർ കപ്പാസിറ്റർ ഘടിപ്പിക്കാനുള്ള നിർദ്ദേശം നല്കുകയും സമയബന്ധിതമായി പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടപ്പാക്കുകയുമാണ്.

മലപ്പുറം മണ്ഡലത്തിൽ നടപ്പാക്കുന്ന പദ്ധതികൾ

132 (8192) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) മലപ്പുറം മണ്ഡലത്തിൽ എം.എൽ.എ.-യുടെ 2013-14 വർഷത്തെ മണ്ഡലം ആസ്തി വികസനഫണ്ടുപയോഗിച്ച് നടപ്പാക്കുന്ന വിവിധ പദ്ധതികൾ ഏതെല്ലാമെന്ന് അറിയിക്കുമോ ;

(ബി) 20-6-2013-ന് പദ്ധതിയുടെ പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടും നാളിതുവരെയും എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനോ തുടർനടപടികൾ സ്വീകരിക്കുന്നതിനോ തയ്യാറാകത്തതിന്റെ കാരണം വ്യക്തമാക്കുമോ ;

(സി) ഓരോ പദ്ധതിയിലും ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ഡി) സാങ്കേതിക തടസ്സങ്ങൾമൂലം കുടിവെള്ള പദ്ധതികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും തുടർനടപടികൾ സ്വീകരിക്കുന്നതിനും ബുദ്ധിമുട്ടുണ്ടെങ്കിൽ വിവരം എം.എൽ.എ.-യെ അറിയിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ ;

(ഇ) 2013-14 വർഷത്തെ ആസ്തിഫണ്ടിൽ നടപ്പാക്കുന്ന കുടിവെള്ള പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

475/16

LIBRARY ARCHIVES Kerala Legislative Assembly